# ജമാഅത്തെ ഇസ്‌ലാമി

## എന്തുകൊണ്ട് വിമർശിക്കപ്പെടുന്നു?

ഭാഗം-1

## ചരിത്രവും വർത്തമാനവും

●

ഹുസൈൻ സലഫി

ഇസ്ലാമികമായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ മഹാനായ മുഹമ്മദ് നബി(സ) വളർത്തിയെടുത്ത സമൂഹത്തെ തകർക്കുകയും പിളർക്കുകയും, നബി(സ) ശിക്ഷണം നല്കിയ ആശയങ്ങളിൽ വ്യതിചലനം സൃഷ്ടിച്ചുകൊണ്ട് വിവധ ഘട്ടങ്ങളിലായി ഒരുപാട് കക്ഷികൾ വിഘടിതരായി ഇസ്ലാമിൽ നിന്ന് പുറത്ത് പോയിട്ടുണ്ട്. ചരിത്രം അതിന് സാക്ഷിയാണ്. ഓരോ വിഭാഗങ്ങളും പിരിഞ്ഞു പോകുമ്പോൾ അതിന് കാരണമായി പറയാറുള്ളത് ഞങ്ങളുടെ കയ്യിലാണ് ആദർശമുള്ളതെന്നും ഞങ്ങളാണ് വിശുദ്ധ ഖുർആനിൻെറയും തിരുസുന്നത്തിൻെറയും യഥാർത്ഥ അനുയായികൾ എന്നുമായിരുന്നു. പ്രസ്തുത വ്യതിയാനത്തിന് തുടക്കം കുറിച്ചത് ഖവാരിജുകൾ എന്നു പറയുന്ന കക്ഷികളാണ്. അതെ, ലോകത്ത് ആദ്യമായി ഇസ്ലാമിൻെറ സംഘടിത ശക്തിക്ക് വിള്ളലുണ്ടാക്കിയവർ. അവിടെനിന്ന് അങ്ങോട്ട് തുടക്കം കുറിച്ച ആ വഴക്കം ഇന്നും ലോകത്ത് നിലനിന്നുകൊണ്ടിരിക്കുകയാണ്. മുസ്ലിംകൾക്കിടയിൽ പ്രശ്നങ്ങളുണ്ടാക്കിയവർ സ്വഹാബിമാരുടെ കാലഘട്ടത്തിൽ തന്നെ നിലവിൽ വന്നെങ്കിലും അധികം താമസിയാതെ അവയെല്ലാം അടുത്തകാലഘട്ടങ്ങളിലായി തകർന്ന് പോയതായി ചരിത്രം പരിശോധിച്ചാൽ കാണാൻ സാധിക്കും. എന്നാൽ ഇസ്ലാമിൻെറ സംഘടിത ശ്രേണിയിൽ നിന്ന് പുറത്ത് പോകുമ്പോൾ അവർ പറഞ്ഞ പല കാര്യങ്ങളും ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് സ്വീകരിച്ചുകൊണ്ട് പൂർണ്ണമായ രൂപത്തിലല്ലെങ്കിലും എളിയതോതിലെകിലും ഇന്നും നമുക്കിടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചില സംഘങ്ങളിൽ തങ്ങിനിൽപ്പുള്ളതായി കാണാം. അതുകൊണ്ട് തന്നെ നിലവിലുള്ള ഏത് വിഭാഗത്തിനാണ് അത്തരക്കാരുടെ അടിസ്ഥാന തത്വങ്ങളുമായി അടുത്ത ബന്ധമുള്ളത് എന്നറിയാൻ ആദർശ വ്യതിയാനം സംഭവിച്ചവരുടെ ചരിത്രം പഠിക്കേണ്ട പ്രാധാന്യം നമ്മെ വിളിച്ചറിയിക്കുന്നു.

നമ്മിൽ പലരും ഒരു പക്ഷെ ആദ്യമായിട്ടായിരിക്കും ഖവാരിജ് എന്ന ഒരു കക്ഷിയെ കുറിച്ച് കേൾക്കുന്നത്. എന്തുകൊണ്ടെന്നാൽ, ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗവും പ്രസ്തുത പേരിൽ അറിയപ്പെടുന്നില്ല. ഒരു സംഘടിത വിഭാഗമായി മുസ്ലിം ലോകത്ത് അവർ ഉയർന്നു വരുന്നതിൻെറ മുമ്പേ അവരുടെ സുഖക്കേടിൻെറ തുടക്കങ്ങൾ നബി(സ)യുടെ കാലഘട്ടത്തിൽ പ്രകടമായിട്ടുണ്ട്. അത് ഇപ്രകാരം വായിക്കാം. ഒരിക്കൽ ഹുനൈൻ യുദ്ധം കഴിഞ്ഞ് നബി(സ)യും സ്വഹാബത്തും ഒരു ഭാഗത്ത് ഒരുമിച്ച് കൂടിയിരിക്കുകയായിരുന്നു. ഹുനൈൻ യുദ്ധത്തിൻെറ പ്രാരംഭത്തിൽ മുസ്ലിംകൾക്ക് പരാജയമാണ് ഉണ്ടായതെങ്കിലും അവസാന ഘട്ടം മുസ്ലിംകൾക്കാണ് വിജയമുണ്ടായത്. അതിലൂടെ ഒരുപാട് ഗനീമത്ത് സ്വത്ത് (ശത്രുക്കൾ ഉപേക്ഷിച്ചിട്ട് പോകുന്ന അല്ലെങ്കിൽ ശത്രുക്കളിൽ നിന്ന് പിടിച്ചെടുക്കുന്ന സ്വത്തിനാണ് ഗനീമത്ത് എന്ന് ഇസ്ലാമിൻെറ സാങ്കേതിക ഭാഷയിൽ പ്രയോഗിക്കപ്പെടുന്നത്) മുസ്ലിംകൾക്ക് കിട്ടിയിട്ടുണ്ടായിരുന്നു. അത് നബി(സ) തൻെറ സ്വഹാബിമാർക്കിടയിൽ വീതിച്ചുകൊണ്ടിരിക്കുമ്പോൾ, അതാ കൂട്ടത്തിൽ നിന്ന് ദുൽഖുവൈസിറ എന്ന വ്യക്തി എഴുന്നേറ്റ് നബി(സ)യെ ആക്ഷേപിച്ചുകൊണ്ട് പറയുന്നു اعدل يا محمد "മുഹമ്മദേ, നീ നീതി പാലിക്കണം". നിൻെറ ഓഹരിവെപ്പ് ശരിയായിട്ടില്ല. നീ ഗനീമത്ത് സ്വത്ത് തോന്നിയത് പോലെയാണ് വീതിക്കുന്നത്. അതുകൊണ്ട് നീ അനീതിയാണ് ചെയ്തിരിക്കുന്നത്. നീതിക്ക് വേണ്ടി നിയോഗിക്കപ്പെട്ട നബി(സ) ഉടനെ പ്രതിവചിച്ചു فمن يعدل إذا لم أعدل – "ഈ ഞാൻ നീതി പാലിക്കുന്നില്ലെങ്കിൽ പിന്നെ ആരാണ് നീതി പാലിക്കുന്നവൻ". ഇതുകേട്ടുനിന്നിരുന്ന ഉമർ ഇബ്നു ഖത്താബ്(റ) (മറ്റൊരു റിപ്പോർട്ടിൽ കാണാം ഖാലിദ്ബ്നു വലീദ്(റ) എന്ന്) പോലെയുള്ള ആളുകൾ എഴുന്നേറ്റുനിന്നുകൊണ്ട് നബി(സ)യോട് അനുവാദം ചോദിക്കുന്നു, നബിയേ അവനെ ഇങ്ങു വിട്ടു തരിക, ഞങ്ങളവൻെറ പിരടി വെട്ടിമുറിച്ചോളാം. അങ്ങയുടെ സദസിൽ നിന്ന് അപമര്യാദയായി സംസാരിക്കുകയും ശകാരി

ക്കുകയും ചെയ്ത മനുഷ്യനെ വെറുതെ വിട്ടു കൂടാ. എന്നിട്ടും നബി(സ) പറഞ്ഞത് دعه – "അവനെ വിട്ടേക്ക്" എന്നായിരുന്നു. സ്വഹീഹായ ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒട്ടുമിക്ക ഹദീസ് ഗ്രന്ഥങ്ങളിലും ഇത് കാണാം.

دعه، فإن له أصحابا يحقر أحدكم صلاته مع صلاتهم، وصيامه مع صيامهم، يقرؤون القرآن لا يجاوز تراقيهم، يمرقون من الدين كما يمرق السهم من الرمية (ബുഖാരി 3414, 6534, 6532, 5811, 4771)

നബി(സ) പറുയുന്നു അവനെ വിട്ടേക്ക്, അവന് ചില അനുയായികൾ വരാനിരിക്കുന്നു. നിങ്ങളിലൊരുത്തൻെറ നമസ്കാരവും അവരുടെ നമസ്കാരവുമായി തട്ടിച്ചു നോക്കുകയാണെങ്കിൽ, നിങ്ങളുടെ നമസ്കാരമൊക്കെ വളരെ തുച്ഛമായി നിങ്ങൾക്ക് തോന്നിയേക്കും. അവരുടെ നോമ്പും നിങ്ങളുടെ നോമ്പും തട്ടിച്ചു നോക്കുകയാണെങ്കിൽ, നിങ്ങളുടെ നോമ്പ് നന്നേ നിസാരമായിട്ട് തോന്നിയേക്കും. അവർ ഖുർആൻ ഓതുന്നതാണ്, എന്നാൽ അതവരുടെ തൊണ്ടക്കുഴി തൊട്ട് താഴേക്കിറങ്ങുകയില്ല. മതത്തിൽ നിന്ന് അവർ പുറത്ത് പോവുക തന്നെ ചെയ്യും. അമ്പ് വേട്ട മൃഗത്തേയും തുളച്ച് കൊണ്ട് പുറത്തേക്ക് തെറിച്ച് പോകുന്നത് പോലെ അവർ ദീനിൽ നിന്ന് തെറിച്ച് പോകുന്നതാണ്.

മറ്റൊരു റിപ്പോർട്ടിൽ കാണാം:

إنَّ من ضئضئي هذا، أو في عقب هذا قوماً يقرءون القرآن لا يجاوز حناجرهم، يمرقون من الإسلام مروق السهم من الرمية، يقتلون أهل الإسلام ويدعون أهل الأوثان، لئن أنا والله أدركتهم لأقتلنهم قتل عادٍ(അബൂദാവൂദ് 4764)

ഇയാളുടെ പരമ്പരയിൽ ഒരു ജനത വരാനിരിക്കുന്നു. അവർ ഖുർആൻ ഓതും. അതവരുടെ തൊണ്ടക്കുഴികൾ വിട്ട് പുറത്തേക്ക് പോവുകയില്ല. മതത്തിൽ നിന്നവർ പുറത്ത് പോകും. അമ്പ് വേട്ട മൃഗത്തേയും തുളച്ച് പുറത്തേക്ക് തെറിച്ച് പോകുന്നത് പോലെ ഇവർ ദീനിൽ നിന്ന് പുറത്ത് പോകും. അവരുടെ വേറൊരു സ്വഭാവം പറയുകയാണ്, അവർ മുസ്ലിംകളെ കൊന്ന് കളയുകയും, വിഗ്രഹാരാധകൻമാരെ വെറുതെ വിടുകയും ചെയ്യും. എനിക്കെങ്ങാനും അവരെ കിട്ടിയിരുന്നെങ്കിൽ ആദ് ഗോത്രത്തെ നശിപ്പിച്ചത് പോലെ ഞാനവരെ നശിപ്പിക്കുക തന്നെ ചെയ്യുമായിരുന്നു.

ഇനിയും നമുക്ക് കാണാം, അവർ ... يتلون كتاب الله رطبا "...പച്ചയായി അല്ലാഹുവിൻെറ ഖുർആൻ ഓതും..."(ബുഖാരി 4094) അങ്ങിനെ അതിൽ നിന്ന് തെറ്റിപ്പോകും. നബി(സ) അവരെ കുറിച്ച് ഇത്രയും കൂടി പറഞ്ഞു: ويخرجون على حين فرقة من الناس "...ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുന്ന കാലത്തും സമയത്തുമാണ് ഇവർ പുറത്തേക്ക് വരിക." (ബുഖാരി 3414)

ഇതുവഴി നബി(സ), അദ്ദേഹത്തെ ചോദ്യം ചെയ്ത ദുൽഖുവൈസിറത്ത് എന്ന ഖവാരിജുകളുടെ നേതാവിനെയും അവരുടെ ലക്ഷണങ്ങളെയും കുറിച്ച് പറഞ്ഞു കഴിഞ്ഞു. അവരെ കുറിച്ചുള്ള മുന്നറിയിപ്പുകൾ പരിശോധിച്ചാൽ, അവർ ഖുർആൻ പാരായണം ചെയ്യും പക്ഷെ അത് തൊണ്ടക്കുഴിയിൽ നിന്ന് താഴേക്കിറങ്ങുകയില്ല. ഖുർആനിൻെറ ആശയവും അവരുടെ ജീവിതവുമായി ബന്ധമില്ലാത്ത തരത്തിലുള്ളതായിരിക്കും. അവർ രംഗത്ത് വരുന്ന കാലത്ത് സത്യത്തോട് ഏറ്റവും അടുപ്പമുള്ളവർ അവരുമായി പൊരുതും, മുശ്രിക്കുകളെ ഉപേക്ഷിച്ചു മുസ്ലിംകളെയാണ് അവർ കൊന്നു കളയുക, സ്വഹാബത്തിൻെറ ആരാധനകൾ പോലും ഇവരുടേതുമായി തുലനം ചെയ്യുമ്പോൾ വളരെ നിസാരമായി തോന്നും, അവരെ കണ്ട് മുട്ടിയാൽ ആദ് വംശത്തെ നശിപ്പിച്ചത് പോലെ നശിപ്പിച്ച് കളയണം എന്നിവയൊക്കെയായിരുന്നു എന്ന് വ്യക്തമാകും.

മേൽപറയപ്പെട്ട സംഭവത്തിന് ശേഷം മറഞ്ഞും തെളിഞ്ഞുമൊക്കെ പ്രവർത്തിച്ചിരുന്ന ഇവർ പിന്നീട് പലപ്പോഴായി രംഗത്ത് വരാൻ തുടങ്ങി. നബി(സ)യുടെ മരണത്തിനു

ശേഷം മദീനത്തുള്ള പള്ളിയിൽ സുബ്ഹ് നമസ്കാരത്തിന്റെ മുമ്പ് ഒരു ഹൽഖ സംഘടിപ്പിക്കുന്ന ആളുകളായിട്ടായിരുന്നു ചരിത്രത്തിൽ പിന്നീട് നാം അവരെ കാണുന്നത്.

أخبرنا الحكم بن المبارك حدثنا عمر بن يحيى قال : سمعت أبي يحدث عن أبيه قال كنا نجلس على باب عبد الله بن مسعود قبل صلاة الغداة فإذا خرج مشينا معه إلى المسجد فجاءنا أبو موسى الأشعري ، فقال أخرج إليكم أبو عبد الرحمن بعد قلنا لا فجلس معنا حتى خرج فلما خرج قمنا إليه جميعا ، فقال له أبو موسى يا أبا عبد الرحمن اني رأيت في المسجد أنفا أمرا أنكرته ولم أر والحمد لله الا خيرا قال : فما هو ، فقال ان عشت فستراه قال : رأيت في المسجد قوما حلقا جلوسا ينتظرون الصلاة في كل حلقة رجل وفي أيديهم حصا فيقول كبروا مائة فيكبرون مائة فيقول هللوا مائة فيهللون مائة ويقول سبحوا مائة فيسبحون مائة قال : فماذا قلت لهم قال : ما قلت لهم شيئا انتظار رأيك أو انتظار أمرك قال أفلا أمرتهم ان يعدوا سيئاتهم وضمنت لهم ان لا يضيع من حسناتهم ثم مضى ومضينا معه حتى أتى حلقة من تلك الحلق فوقف عليهم ، فقال : ما هذا الذي أراكم تصنعون قالوا يا أبا عبد الله حصا نعد به التكبير والتهليل والتسبيح قال : فعدوا سيئاتكم فأنا ضامن ان لا يضيع من حسناتكم شيء ويحكم يا أمة محمد ما أسرع هلكتكم هؤلاء صحابة نبيكم صلى الله عليه وسلم متوافرون وهذه ثيابه لم تبل وآنيته لم تكسر والذي نفسي بيده انكم لعلي ملة هي أهدي من ملة محمد أو مفتتحو باب ضلالة قالوا والله يا أبا عبد الرحمن ما أردنا الا الخير قال وكم من مريد للخير لن يصيبه ان رسول الله صلى الله عليه وسلم حدثنا أن قوما يقرأون القرآن لا يجاوز تراقيهم وأيم الله ما أدري لعل أكثرهم منكم ثم تولى عنهم ، فقال عمرو بن سلمة رأينا عامة أولئك الحلق يطاعنونا يوم النهروان مع الخوارج(الدارمي :204)

ഞങ്ങൾ അബ്ദുള്ളാഹ് ബ്നു മസ്ഊദിന്റെ വീട്ടിനരികിൽ സുബ്ഹ് നമസ്കാരത്തിന് മുമ്പ് ഇരിക്കുകയായിരുന്നു. അദ്ദേഹം വീട്ടിൽ നിന്ന് പുറത്തിറങ്ങിയാൽ പള്ളിയിലേക്ക് നടക്കാം എന്ന് കരുതിയാണത്. ആ സമയം അബൂ മൂസൽ അശ്അരി വന്നുകൊണ്ട് ചോദിച്ചു: അബൂ അബ്ദിർറഹ്മാൻ ഇനിയും വന്നില്ലെ? ഞങ്ങൾ പറഞ്ഞു ഇല്ല. അദ്ദേഹവും ഞങ്ങളോടൊപ്പം അദ്ദേഹത്തെ കാത്തിരുന്നു. ഇബ്നു മസ്ഊദ് പുറത്തു വന്നപ്പോൾ പോകാനായി ഞങ്ങളെല്ലാവരും എഴുന്നേറ്റു. അപ്പോൾ അബൂ മൂസ പറഞ്ഞു: അബൂ അബ്ദിർറഹ്മാൻ, എനിക്ക് പരിചയമില്ലാത്തൊരു കാഴ്ച ഞാനിന്ന് പള്ളിയിൽ കണ്ടു. നമസ്കാരത്തിന്ന് കാത്തിരിക്കുന്ന കുറച്ചാളുകൾ അവിടെ ഹൽഖയിട്ടിരിക്കുന്നു. ഓരോ ഹൽഖയിലും ഓരോ നേതാവുണ്ട്. അവരുടെയൊക്കെ കൈകളിൽ ചരൽകല്ലുകളുമുണ്ട്. നേതാവ് നൂറുപ്രാവശ്യം തക്ബീർ ചൊല്ലുക എന്ന് പറയുമ്പോൾ ആളുകളും അങ്ങനെ ചൊല്ലുന്നു. നൂറുപ്രാവശ്യം തഹ്ലീൽ ചൊല്ലുക എന്ന് പറയുമ്പോൾ ആളുകളും അങ്ങനെ ചൊല്ലുന്നു. നൂറുപ്രാവശ്യം തസ്ബീഹ് ചൊല്ലുക എന്ന് പറയുമ്പോൾ ആളുകളും അങ്ങനെ ചൊല്ലുന്നു. (അവർ ചരൽ കല്ലുകൾ കൊണ്ട് എണ്ണം പിടിക്കുന്നുണ്ട്). ഇബ്നു മസ്ഊദ് ചോദിച്ചു: താകൾ അവരോടെന്ത് പറഞ്ഞു? അദ്ദേഹം പറഞ്ഞു: ഞാനൊന്നും പറഞ്ഞില്ല. താകളുടെ അഭിപ്രായത്തിനു വേണ്ടി കാത്തിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പാപങ്ങളെ എണ്ണിക്കണക്കാക്കുക, നിങ്ങളുടെ സൽകർമ്മങ്ങളൊന്നും നിങ്ങൾക്ക് നഷ്ടപ്പെടില്ലെന്ന് ഞാനുറപ്പു തരാം എന്ന് താകൾക്കവരോട് പറഞ്ഞു കൂടായിരുന്നോ? അങ്ങിനെ, അവർ പള്ളിയിലെത്തി അദ്ദേഹം ഹൽഖക്കരികിൽ ചെന്ന് കൊണ്ട് ചോദിച്ചു: നിങ്ങളെന്താണ് ചെയ്ത് കൊണ്ടിരിക്കുന്നത്? അവർ പറഞ്ഞു: അബൂ അബ്ദിർറഹ്മാൻ, ഞങ്ങൾ ചരൽകല്ലുകൾ കൊണ്ട് എണ്ണം പിടിച്ച് തക്ബീറും, തഹ്ലീലും, തസ്ബീഹും ചൊല്ലുകയാണ്. അദ്ദേഹം പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പാപങ്ങളെ എണ്ണിക്കണക്കാക്കുക. നിങ്ങളുടെ സൽകർമ്മങ്ങളൊന്നും നിങ്ങൾക്ക് നഷ്ടപ്പെടില്ലെന്ന് ഞാനുറപ്പു തരാം. മുഹമ്മദ് നബിയുടെ സമൂഹമേ, നിങ്ങൾക്ക് നാശം! ഇതാ, നിങ്ങളുടെ നബിയുടെ സ്വഹാബികൾ ഇവിടെയിതാ ധാരാളമുണ്ട്. തിരുമേനിയുപയോഗിച്ചിരുന്ന വസ്ത്രങ്ങൾ ദ്രവിച്ചിട്ടില്ല. അവിടുത്തെ പാത്രങ്ങൾ പൊട്ടിപ്പോയിട്ടില്ല.

എത്ര വേഗമാണ് നിങ്ങൾ നശിക്കുന്നത്! അല്ലാഹുവാണെ! നിങ്ങൾ മുഹമ്മദിന്റെ മില്ലത്തിനേക്കാൾ മികച്ച മറ്റൊരു മില്ലത്തിലാണോ ഉള്ളത്? അതല്ല, ദുർമാർഗത്തിന്റെ വാതിലുകൾ തുറന്നിടാൻ തുടങ്ങുകയാണോ നിങ്ങൾ? അവർ പറഞ്ഞു: അല്ലാഹുവാണെ! ഞങ്ങൾ നന്മയല്ലാതെ (ഇത് കൊണ്ട്) ഉദ്ദേശിച്ചിരുന്നില്ല. അദ്ദേഹം പറഞ്ഞു: നന്മയുദ്ദേശിച്ച എത്രയോ പേർക്ക് അത് ലഭിച്ചിട്ടില്ല. ഒരു വിഭാഗം ആളുകളുണ്ട്. അവർ ഖുർആൻ ഓതികൊണ്ടിരിക്കും. പക്ഷെ, അത് അവരുടെ തൊണ്ടക്കുഴി വിട്ട് കീഴ്പോട്ടിറങ്ങുകയില്ല എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. അത്തരം ആളുകൾ അധികവും നിങ്ങളിൽ നിന്നായിരിക്കുമോ എന്ന് ഞാൻ സംശയിക്കുകയാണ്. ഇത് പറഞ്ഞ് അദ്ദേഹം അവിടെ നിന്നും പോയി.

അംറ് ബ്നു സലമ പറയുന്നു: ആ ഹൽഖകളിലുണ്ടായിരുന്നവർ പിന്നീട് നഹ്റുവാൻ യുദ്ധത്തിൽ ഖവാരിജുകളോടൊപ്പം ചേർന്ന് ഞങ്ങളോട് ഏറ്റുമുട്ടുകയുണ്ടായി. (ദാരിമി 204)

നബി(സ) മുന്നറിയിപ്പ് നല്കിയവരിൽ ഭൂരിപക്ഷവും നിങ്ങളിൽ നിന്നാണെന്ന് പറഞ്ഞതാണ് നമ്മുടെ വിഷയവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഭാഗം. ഹിജ്റ 37-ൽ യൂഫ്രിട്ടീസിന്റെ തീരത്ത് സ്വിഫ്ഫീൻ എന്ന് പറയുന്ന താഴ്വരയിൽ വെച്ച് അലി(റ)ന്റെ കക്ഷിയും മുആവിയ(റ)ന്റെ കക്ഷിയും തമ്മിൽ നടന്ന ഒരു യുദ്ധത്തോട് (അതിന്റെ മുമ്പ് ജമൽ യുദ്ധം എന്ന പേരിൽ അറിയപ്പെടുന്ന ഒരു യുദ്ധവും നടന്നിരുന്നു. രാഷ്ട്രീയപരമായ പല കാര്യങ്ങളുമുണ്ടായിരുന്ന ആ യുദ്ധത്തിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല.) കൂടിയാണ് ഖവാരിജുകൾ മറ നീക്കി പുറത്തേക്ക് വരുന്നത്. അതിനുള്ള കാരണമാണ് ഇനി വിശകലനം ചെയ്യാനുള്ളത്.

മുആവിയ(റ)ന്റെയും അലി(റ)ന്റെയും കക്ഷികൾ തമ്മിലുള്ള യുദ്ധം കൊടുമ്പിരി കൊള്ളുമ്പോൾ യുദ്ധം എങ്ങനെയെങ്കിലും ഒന്നു നിന്നുകിട്ടുവാൻ മുആവിയ(റ)ന്റെ സൈനികരിൽ ചിലർ ഒരു കുന്തത്തിൻ മേൽ മുസ്ഹഫ് പൊക്കിപ്പിടിച്ചിട്ടു നമുക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ തീർക്കാൻ ഈ ഗ്രന്ഥത്തിലേക്ക് മടങ്ങി വരൂ എന്ന് പറഞ്ഞു. ദൈവിക ഗ്രന്ഥത്തിലേക്ക് കടന്ന് വരുവാനുള്ള ആഹ്വാനം കേട്ടപ്പോൾ അലി(റ)ന്റെ സൈന്യം യുദ്ധം നിറുത്തി പരസ്പരം ചർച്ച നടത്താൻ തീരുമാനിക്കുകയും അതിനായി മദ്ധ്യസ്ഥൻമാരെ നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് അലി(റ)ന്റെ ഭാഗത്തുനിന്ന് അബൂ മൂസൽ അശ്അരി(റ)യെയും മുആവിയ(റ)ന്റെ ഭാഗത്തുനിന്ന് അംറുബ്നു ആസ്(റ)നെയും മധ്യസ്ഥൻമാരായി ചുമതലപ്പെടുത്തി. അവർ എടുക്കുന്ന തീരുമാനത്തിൽ എല്ലാവരും യോജിക്കുവാനും യുദ്ധമില്ലാതെ സമാധാനന്തരീക്ഷത്തിൽ മുന്നോട്ട് പോകുവാനും അനുരഞ്ജനമുണ്ടാക്കി. അതോടെ യുദ്ധം അവസാനിക്കുകയും ചെയ്തു.

എന്നാൽ, അലി(റ)നെ അതുവരെ അനുകൂലിക്കുന്നവരിൽ ഒരു വിഭാഗം പറഞ്ഞു: നമുക്കിടയിൽ പ്രശ്നമുണ്ടായാൽ വിധികൽപ്പിക്കേണ്ടത് അബൂ മൂസൽ അശ്അരി എന്ന മനുഷ്യനോ. അംറുബ്നുൽ ആസ്വ് എന്ന മനുഷ്യനോ അല്ല, അതിനുള്ള അധികാരം അല്ലാഹുവിനു മാത്രമാണ്. لا حاكم إلا الله – “അല്ലാഹുവല്ലാതെ വിധികർത്താവില്ല”, إن الحكم إلا لله – “വിധികർതൃത്വം അല്ലാഹുവിന് മാത്രമേയുള്ളൂ”. ഇത് ഖുർആനിന്റെ പ്രഖ്യാപനം ആയതിനാൽ നമുക്കിടയിൽ തർക്കമുള്ള വിഷയത്തിൽ തീർപ്പ് വിധിക്കാനുള്ള അധികാരം അല്ലാഹുവിന് മാത്രമേയുള്ളൂ. ഇതായിരുന്നു ഖവാരിജുകളുടെ വിമർശനത്തിന്റെ മൗലികമായ തലം.

അല്ലാഹുവിന് മാത്രം അധികാരപ്പെട്ട വിധികർതൃത്വം മനുഷ്യൻമാർക്ക് വിട്ട് കൊടുത്തുകൊണ്ട് അലി(റ)യും മുആവിയ(റ)യും അടക്കമുള്ള കക്ഷികൾ ഖുർആനിന് എതിരു ചെയ്തുപോയിരിക്കുന്നു. ഹാകിമിയത്തിൽ അഥവാ അല്ലാഹുവിന്റെ ഭരണാധികാരത്തിലും വിധിക്കുവാനുള്ള അവകാശത്തിലുമൊക്കെ പങ്കുചേർത്ത് കൊണ്ട് അവർ ഇസ്ലാമിന്റെ പാന്ഥാവിൽ നിന്ന് പുറത്തുപോയിരിക്കുന്നു. ഇത് പറഞ്ഞുകൊണ്ട് കുഴപ്പം സൃഷ്ടിച്ച

ഖവാരിജുകൾ ആദ്യമായിട്ട് യോഗം ചേർന്നത് ഹറൗറാഅ് എന്ന സ്ഥലത്തുള്ള ഒരു വീട്ടിലാണ്. ഇവർ ഹറൂരികൾ എന്നുകൂടി അറിയപ്പെടാനുള്ള കാരണം അതായിരുന്നു.

ഖവാരിജുകളുടെ അടുത്ത ലക്ഷ്യം അലി(റ)നെതിരിലുള്ള പടപ്പുറപ്പാടായിരുന്നു. അലി(റ) ഇങ്ങനെ ഒരു വിഭാഗത്തെകുറിച്ചും അവർ പറഞ്ഞ إن الحكم إلا لله – "വിധികർതൃത്തം അല്ലാഹുവിന് മാത്രം" എന്ന വാദത്തെകുറിച്ചും കേട്ടപ്പോൾ പ്രതികരിച്ചത് كلمة حق أريد بها باطل – "പറഞ്ഞ കാര്യം സത്യമാണ് പക്ഷേ ഉദ്ദേശിക്കപ്പെട്ട കാര്യം വളരെ ബാത്വിൽ ആണ്" എന്നായിരുന്നു. അല്ലാഹുവല്ലാതെ വിധികർത്താവില്ല എന്നത് ഖുർആനിലുള്ളതാണ്, പക്ഷേ അല്ലാഹു പറഞ്ഞത് വേറെ സന്ദർഭത്തെ കുറിച്ചായിരുന്നു. അത് സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തുകൊണ്ട് അനവസരത്തിൽ ദുരുപയോഗപ്പെടുത്തിയത് വളരെ അപകടം തന്നെ എന്ന് അലി(റ) പ്രഖ്യാപിച്ചു. നബി(സ) ഒരു കൂട്ടം ആളുകളെ കുറിച്ച് വിശേഷിപ്പിച്ചിട്ടുള്ള ലക്ഷണങ്ങൾ ഓർക്കുകയും അത് അവരിൽ കാണുന്നതായും അലി(റ) അഭിപ്രായപ്പെട്ടു. അവർ അവരുടെ നാക്കുകൾ കൊണ്ട് സത്യം വിളിച്ച് പറയും. അപ്പോൾ إن الحكم إلا لله എന്നത് സത്യമാണ്. പക്ഷേ, അതവരിൽ നിന്ന് തൊണ്ടകുഴി വിട്ട് താഴോട്ട് ഇറങ്ങുകയില്ല. അവർ പടച്ചവന് ഏറ്റവും വെറുപ്പുള്ള വിഭാഗമാണ്. ഒന്നും രണ്ടും അംഗങ്ങളായിരുന്നില്ല അവരിലുണ്ടായിരുന്നത്. ആറായിരത്തോളം ആളുകൾ ഉണ്ടായിരിന്നു എന്ന് റിപ്പോർട്ടുകളിൽ കാണാം (വേറെ ചില റിപ്പോർട്ടുകളിൽ കാണുന്നത് പന്ത്രണ്ടായിരത്തോളം എന്നാണ്).

അലി(റ)ന് എതിരെ പടയൊരുക്കത്തിന് നില്ക്കുന്ന ഇവരുമായി സംവാദം നടത്താൻ ഇബ്നു അബ്ബാസ്(റ) പുറപ്പെട്ട രംഗം ഒരുപാട് മുഹദ്ദിസുകൾ, ചരിത്രകാരൻമാർ അവരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ചെന്ന് അലി(റ)യോട് വിഷുടിതരുമായി സംസാരിക്കാൻ പോവുകയാണെന്ന് പറഞ്ഞപ്പോൾ അങ്ങോട്ട് പോകേണ്ട എന്നും ഒരു പക്ഷെ അവർ താങ്കളെ കുഴപ്പത്തിൽ പെടുത്തിയേക്കുമെന്നെല്ലാം അലി(റ) പറഞ്ഞു. ഒടുവിൽ ഇബ്നു അബ്ബാസ്(റ) അലി(റ)ൽ നിന്ന് സമ്മതം വാങ്ങി അവരുടെ അടുക്കലേക്ക് ചെന്നു. അദ്ദേഹം ചെന്നത് മുടി എണ്ണയിട്ട് ചീകി, നല്ല വസ്ത്രം ധരിച്ചു കൊണ്ടാണ്. അദ്ദേഹം അവരുടെ അടുത്തേക്ക് കയറി ചെല്ലുന്നത് അവർ ഉച്ചഭക്ഷണം കഴിക്കുന്ന തിരക്കിലായിരുന്നപ്പോഴാണ്. അന്നേരം അവരിലുള്ള ആൾക്കാരുടെ സ്ഥിതിയെന്താണ്? ഇത് പോലെ ഒരു ഊർജ്ജസ്വലരായ ആളുകളെ കണ്ടിട്ടില്ലെന്നും അവരുടെ നെറ്റിത്തടങ്ങളിൽ നമസ്കാരത്തഴമ്പ് മുഴച്ച് നില്ക്കുന്നതായും ഇബ്നു അബ്ബാസ്(റ) കണ്ടു. നല്ല അധ്വാനശീലൻമാർ, കൈകളൊക്കെ തഴമ്പ് വന്ന് പൊട്ടിയിട്ടുണ്ട്. വസ്ത്രമോ കഷണം വെച്ച കുപ്പായങ്ങൾ. ലളിത ജീവിതം നയിക്കുന്ന ഫഖീറൻമാരെ പോലെയുള്ള വേഷം ധരിച്ച ആളുകൾ. ഇവരിലേക്കാണ് ഇബ്നു അബ്ബാസ്(റ) നല്ല വേഷവും ധരിച്ച് കയറി ചെന്നത്.

ഇബ്നു അബ്ബാസ്(റ)നെ കണ്ടപ്പോൾ അവർ പറഞ്ഞു: നിങ്ങൾക്ക് സ്വാഗതം. എന്നിട്ട് ഉടനെ തന്നെ അവർ ചോദിച്ചു: എന്തേ നിങ്ങൾ ഇത്ര മുന്തിയ വസ്ത്രം ധരിച്ചിട്ടുള്ളത്? ഇതൊക്കെ കൊണ്ടു തന്നെയാണ് ഞങ്ങൾ നിങ്ങളുമായി പിരിഞ്ഞത്. അദ്ദേഹം തിരിച്ചു പറഞ്ഞു: ഇതിനാണോ നിങ്ങൾ എന്നെ ആക്ഷേപിക്കുന്നത്. അല്ലാഹുവിൻെറ പ്രവാചകൻ മുന്തിയ വസ്ത്രം ധരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ടല്ലോ. എന്നിട്ട് ഇബ്നു അബ്ബാസ്(റ) ഖുർആനിൽ നിന്നും ഒരായത്ത് ഓതി.

**قل من حرم زينة الله التي أخرج لعباده والطيبات من الرزق قل هي للذين آمنوا فى الحياة الدنيا خالصة يوم القيامة كذلك نفصل الآيات لقوم يعلمون**

"(നബിയേ) പറയുക: അള്ളാഹു അവൻെറ ദാസൻമാർക്ക് വേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാരവസ്തുക്കളും വിശിഷ്ടമായ ആഹാരപദാർത്ഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക: അവ ഐഹികജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അവർക്കുമാത്രമുള്ളതുമാണ്. മനസിലാക്കുന്ന ആളുകൾക്ക് വേണ്ടി അപ്രകാരം നാം തെളിവുകൾ വിശദീകരിക്കുന്നു." (അഅ്റാഫ്: 32)

ആയത്ത് കേട്ടപ്പോൾ അവർ മൗനികളായി. എന്നിട്ട് അവർ ചോദിച്ചു: എന്തിനാണ് താങ്കൾ ഇങ്ങോട്ട് വന്നത്? അപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: ഞാൻ നബി(സ)യുടെ സ്വഹാബിമാരുടെ അടുക്കൽ നിന്നാണ് വരുന്നത്. മുഹാജിറുകളും അൻസ്വാറുകളുമായ സ്വഹാബികളുടെ അടുക്കൽ നിന്ന്, വിശിഷ്യാ നബി(സ)ക്ക് പ്രിയപ്പെട്ട അലിയാർ തങ്ങളുടെ അടുക്കൽ നിന്ന്. അവർക്കാണല്ലോ ഖുർആൻ ആദ്യമായി അവതരിപ്പിച്ചത്. അതുകൊണ്ട് തന്നെ ഖുർആനിൻെറ ആയത്തുകളുടെ വ്യാഖ്യാനം നിങ്ങളേക്കാൾ അവർക്കാണ് കൂടുതൽ അറിവുള്ളത്. ആ കൂട്ടത്തിൽ പെട്ട ഒരാളും നിങ്ങളുടെ കൂട്ടത്തിൽ ഇല്ല താനും. അതുകൊണ്ട് നിങ്ങളോട് ചില കാര്യങ്ങൾ പറയാനും നിങ്ങൾക്ക് പറയാനുള്ളത് അവരോട് പറയാനുമുള്ള ഒരു ഇടനിലക്കാരനായിട്ടാണ് ഞാൻ നിങ്ങളെ സമീപിച്ചിരിക്കുന്നത്. അപ്പോൾ അവരിൽ ചിലർ പറഞ്ഞു: ഇബ്നു അബ്ബാസി(റ)നോട് തർക്കിക്കാൻ പോകേണ്ട. ഖുറൈശികൾ എന്ന് പറഞ്ഞാൽ വല്ലാത്ത നാവുള്ളവരാണ്. പക്ഷെ, വേറെ ചിലർ പറഞ്ഞു, ആകട്ടെ എന്താണ് അവർക്ക് പറയാനുള്ളത് എന്ന് നമുക്ക് കേൾക്കാമല്ലൊ.

അങ്ങനെ ഇബ്നു അബ്ബാസ്(റ) അവരുമായി സംസാരിച്ചു. അദ്ദേഹമവരോട് ചോദിച്ചു: നബി(സ)യുടെ സ്വഹാബിമാരെ കുറിച്ച്, പ്രത്യേകിച്ച് അലി(റ)യെ കുറിച്ച് നിങ്ങൾക്കുള്ള പരാതിയെന്താണ്? നിങ്ങളിപ്പോൾ അദ്ദേഹത്തിനെതിരെ യുദ്ധം ചെയ്യാനുള്ള പുറപ്പാടാണല്ലൊ ഇവിടെ. എന്ത് തെറ്റാണ് നിങ്ങൾ അലി(റ)യിൽ കണ്ടത്? അപ്പോൾ അവർ പറഞ്ഞു: മൂന്നു കാരണങ്ങൾ കൊണ്ടാണ് ഞങ്ങൾ യുദ്ധത്തിന് പുറപ്പെടുന്നത്. ഉടനെ ഇബ്നു അബ്ബാസ്(റ) ചോദിച്ചു ഏതാണ് ആ മൂന്ന് തെറ്റുകൾ? അപ്പോൾ അവരുടെ കൂട്ടത്തിൽനിന്ന് ഒരാൾ പറഞ്ഞു: അദ്ദേഹം അള്ളാഹുവിൻെറ കാര്യത്തിൽ ആളുകളെ വിധികർത്താക്കളാക്കി. അതുതന്നെയാണ് പ്രശ്നം. ആളുകൾക്ക് വിധി പറയാൻ അധികാരമില്ല. إن الحكم إلا لله – "വിധിക്കുവാനുള്ള അധികാരം അല്ലാഹുവിന് മാത്രമാകുന്നു". ആ അധികാരത്തെ അലി മനുഷ്യർക്ക് വകവെച്ചു കൊടുത്തിരിക്കുന്നു. അതുകൊണ്ടയാൾ ഇസ്ലാമിനു പുറത്താണ്. ഞങ്ങൾ അയാളോട് യുദ്ധം ചെയ്യാനുള്ള ഒന്നാമത്തെ കാരണം അതാണ്.

രണ്ടാമത്തെ കാരണം അലി ശത്രു കക്ഷികളുമായി യുദ്ധം ചെയ്തിട്ട് അവരുടെ കൂട്ടത്തിൽ നിന്ന് ആരെയും ബന്ധികളാക്കാതേയും, അവർ വിട്ടേച്ചു പോയ ഗ്വനീമത്ത് സ്വത്ത് പിടിച്ചെടുക്കാതേയും അവരെ വിട്ടയച്ചു കളഞ്ഞു. കാഫിറുകളുമായിട്ടാണ് യുദ്ധം ചെയ്യുന്നതെങ്കിൽ അവരുടെ ആളുകളെ പിടിച്ചെടുക്കാൻ നമുക്ക് അധികാരമുണ്ടല്ലോ. പിന്നെ എന്തു കൊണ്ട് അലി അവരുടെ കൂട്ടത്തിൽ നിന്ന് ആരെയും ബന്ധികളാക്കിയില്ല? ഇനി അതല്ല അവർ മുഅ്മിനീങ്ങൾ തന്നെയാണ് എന്നാണോ അലിയുടെ വാദം. മുആവിയൻെറ പക്ഷം മുഅ്മിനീങ്ങൾ തന്നെയാണെങ്കിൽ പിന്നെ അവരുമായി യുദ്ധം ചെയ്യാൻ തന്നെ പാടില്ലായിരുന്നല്ലോ.

മൂന്നാമത്തെ കാരണം, അലി തൻെറ അമീറുൽ മുഅ്മിനീൻ എന്ന സ്ഥാനപ്പേര് ബോധപൂർവ്വം ഒഴിവാക്കിക്കളഞ്ഞു. (അലി(റ)യും മുആവിയ(റ)യും തമ്മിൽ സന്ധിരേഖയിൽ ഒപ്പു വെക്കുന്ന സമയത്ത് അലി(റ) തൻെറ പേരെഴുതിയപ്പോൾ അമീറുൽ മുഅ്മിനൂൻ എന്ന സ്ഥാനപ്പേര് എഴുതുകയുണ്ടായില്ല. കാരണം, അങ്ങനെ എഴുതിയപ്പോൾ അതിൽ അഭിപ്രായ വ്യത്യാസം ഉണ്ടാവുകയും, അക്കാരണം കൊണ്ട് മസ്ലഹത്ത് നടക്കാതിരിക്കേണ്ട എന്നു കരുതി അദ്ദേഹം അമീറുൽ മുഅ്മിനീൻ, (മുഅ്മിനീങ്ങളുടെ നേതാവ്) എന്ന് വരുന്ന വിശേഷണം മായ്ച്ചുകളയുകയും ചെയ്യുകയായിരുന്നു.)

അപ്പോൾ അദ്ദേഹം അമീറുൽ മുഅ്മിനീൻ അല്ലെങ്കിൽ അമീറുൽ കാഫിരീൻ എന്നല്ലെ വരിക? അപ്പോൾ അലി തന്നെ സമ്മതിച്ചില്ലെ താൻ കാഫിറാണെന്നും കാഫിരീങ്ങളുടെ അമീറാണെന്നും? ഇങ്ങനെ മൂന്ന് കാരണമുണ്ട് ഞങ്ങൾക്ക് അയാളോട് പോരാടാൻ. അതുകൊണ്ട് ഞങ്ങൾ യുദ്ധത്തിന് പോകാൻ തന്നെയാണ് തീരുമാനം.

പക്ഷെ, ഇബ്നു അബ്ബാസ്(റ) വിട്ടില്ല. ഖുർആൻ പഠിച്ച, നബി(സ)യുടെ പ്രാർത്ഥനക്ക് തൗഫീഖ് കിട്ടിയ മനുഷ്യനാണദ്ദേഹം. ഖുർആനിൻെറ അർത്ഥവും ആശയവും വ്യക്തമായി അറിയുന്ന മാന്യദേഹമാണ്. മുഫസിറുകളിൽ അഗ്രഗണ്യനെന്ന് വിശേഷിക്കപ്പെടാവുന്ന തർജുമാനുൽ ഖുർആൻ എന്നറിയപ്പെടുന്ന അദ്ദേഹം അവരോട് പറഞ്ഞു: ശരി, നിങ്ങളുടെ വാദങ്ങളൊക്കെ ഞാൻ കേട്ടു. പക്ഷേ, ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കട്ടെ, അല്ലാഹുവിൻെറ കിതാബിൽ നിന്നും നബി(സ)യുടെ സുന്നത്തിൽ നിന്നും ഞാൻ നിങ്ങൾക്ക് മറുപടി തന്നാൽ നിങ്ങളുടെ വാദത്തിൽ നിന്ന് പിൻമാറാൻ നിങ്ങൾ തയ്യാറാണോ?.

അവർ പറഞ്ഞു: ശരി, നിങ്ങൾ തെളിവ് ഉദ്ധരിക്കൂ. അപ്പോൾ അദ്ദേഹം തെളിവ് നിരത്താൻ തുടങ്ങി. നിങ്ങളുടെ ഒന്നാമത്തെ പരാതി വിധി കർത്താവായിട്ട് അലി മനുഷ്യനെ തീരുമാനിച്ചു എന്നതാണല്ലൊ. അല്ലാഹുവല്ലാതെ മറ്റാരും വിധിക്കുവാൻ പാടില്ല എന്നല്ലേ നിങ്ങളുടെ വാദം. എന്നാൽ ഖുർആൻ പറയുന്നു:

وإن خفتم شقاق بينهما فابعثوا حكما من أهله وحكما من أهلها إن يريدا إصلاحا يوفق الله بينهما

"ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവൻെറ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മദ്ധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്." (നിസാഅ്: 35)

ഭാര്യാഭർത്താക്കൻമാർ തമ്മിൽ ഭിന്നിപ്പ് തുടരുകയാണ് എങ്കിൽ ഭർത്താവിൻെറ കുടുംബത്തിൽ നിന്ന് ഒരു വിധികർത്താവിനെയും പെണ്ണിൻെറ കുടുംബത്തിൽ നിന്ന് ഒരു വിധികർത്താവിനെയും നിങ്ങൾ തീരുമാനിക്കണം. എന്നിട്ട് ഈ രണ്ടു മദ്ധ്യസ്ഥൻമാർ ഭാര്യഭർത്താക്കൻമാർക്കിടയിലുള്ള പ്രശ്നം ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്തണം. ഇതാണ് പ്രസ്തുത ആയത്തിൻെറ താൽപര്യം. ഈ ആയത്ത് ഓതിയിട്ട് ഇബ്നു അബ്ബാസ്(റ) ചോദിച്ചു: കേവലം ഒരു വിവാഹബന്ധത്തിൻെറ പ്രശ്നത്തിൽ വിധിക്കുവാനുള്ള അവകാശം അല്ലാഹു രണ്ട് മനുഷ്യൻമാർക്ക് വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ, മുസ്ലിംങ്ങളുടെ പരിപാവനമായ രക്തം ചിന്തുന്ന പ്രശ്നത്തിൽ ആ രക്തം ചിന്തലൊന്ന് ഒഴിവാക്കി കിട്ടാൻ വേണ്ടി രണ്ട് മനുഷ്യർക്ക് മദ്ധ്യസ്ഥം ഏല്പിക്കുന്നതിന് നിങ്ങളെന്തിനാണ് അലി(റ)നെ കാഫിറാക്കാൻ പോയത്? ഈ ചോദ്യത്തിന് അവർക്ക് ഉത്തരമില്ലായിരുന്നു.

രണ്ടാമതദ്ദേഹം പറഞ്ഞു: അലി(റ) മറ്റുകക്ഷിയിൽ നിന്ന് ആരെയും ബന്ധികളാക്കിയില്ല; അവരുടെ സ്വത്തൊന്നും പിടിച്ചുവെച്ചില്ല എന്നാണല്ലൊ നിങ്ങളുടെ മറ്റൊരു പരാതി. ആരെ പിടിച്ചുവെക്കണമെന്നാണ് നിങ്ങൾ പറയുന്നത്? നിങ്ങളുടെ ഉമ്മയായ ആയിശ(റ)യെ ബന്ധിയായി പിടിച്ചിട്ട് അടിമകളോട് പെരുമാറുന്നത് പോലെ അവരെ ഉപയോഗപ്പെടുത്തണം എന്നാണോ? (കാരണം ജമൽ യുദ്ധത്തിൽ ആയിശ(റ) മറുപക്ഷത്ത് പങ്കെടുത്തിരുന്നു.) എന്നിട്ട് ഇബ്നു അബ്ബാസ്(റ) ചോദിക്കുന്നു: നിങ്ങളുടെ ഉമ്മയല്ലെ ആയിശ(റ). ഉമ്മയല്ല എന്നാണോ നിങ്ങളുടെ വാദം. എങ്കിൽ നിങ്ങൾ കാഫിറായി പോയി. അതല്ല, ഉമ്മയെ നിങ്ങൾക്ക് ഉപയോഗിക്കാം എന്നാണോ നിങ്ങൾ പറയുന്നത്, എന്നാലും നിങ്ങൾ കാഫിറായി പോയി. കാരണം അല്ലാഹു പറഞ്ഞിട്ടുണ്ട്:

النبي أولى بالمؤمنين من أنفسهم وأزواجه أمهاتهم

"പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിൻെറ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു." (അഹ്സാബ്: 6)

നബി(സ)യുടെ ഭാര്യമാർ നമ്മുടെ ഉമ്മമാരാണ്. അവരെ ബന്ധികളാക്കാനോ, ദ്രോഹിക്കാനോ അവരെ വിവാഹം കഴിക്കാനോ പാടില്ല എന്നത് ഇസ്ലാമിൻെറ വിധിയാണ്. ആ വിധിക്കെതിരെ അലി(റ) നീങ്ങണമെന്നാണോ നിങ്ങൾ പറയുന്നത്? അതുകൊണ്ട് തന്നെ ഇക്കാര്യത്തിലും നിങ്ങൾ പിഴച്ചുപോയവരാണ്. ഇതിനും അവർക്ക് ഉത്തരമില്ലായിരുന്നു.

അദ്ദേഹം തുടർന്നു: അലി(റ) അമീറുൽ മുഅ്മിനീൻ എന്ന സ്ഥാനപ്പേര് മായ്ച്ചു കളഞ്ഞു എന്നതാണല്ലൊ നിങ്ങളുടെ മൂന്നാമത്തെ പരാതി? ചില ഘട്ടത്തിൽ അങ്ങനെ ചെയ്യേണ്ടി വരും. ഞാൻ ഇതാ നിങ്ങൾക്ക് തെളിവ് തരുന്നു.

നബി(സ) ഹുദൈബിയ സന്ധിയിലേർപ്പെട്ടപ്പോൾ മുശ്രിക്കിങ്ങളുമായി കരാർ എഴുതി. ആ കരാർപത്രം എഴുതാൻ നേരത്ത് നബി(സ) തൻെറ എഴുത്തുക്കാരനായ അലി(റ)യോട് പറഞ്ഞു: ഇത് അല്ലാഹുവിൻെറ റസൂലായ മുഹമ്മദ് എഴുതുന്ന സന്ധിയാകുന്നു എന്ന് എഴുതുക. ഇത് പറഞ്ഞപ്പോൾ ശത്രു പാളയത്തിൻെറ നേതാവ്, മുശ്രിക്കുകളുടെ മദ്ധ്യസ്ഥനായി വന്ന സുഹൈൽ നബി(സ)യോട് പറഞ്ഞു: നിങ്ങൾ അല്ലാഹുവിൻെറ റസൂലാണെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ പിന്നെ എന്തിനാണ് ഞങ്ങൾ നിങ്ങളോട് യുദ്ധത്തിന് വരുന്നത്. അതുകൊണ്ട് മുഹമ്മദ് റസൂലുല്ലാ എന്ന് കരാറിൽ എഴുതാൻ പാടില്ല. ഉടനെ നബി(സ) അലി(റ)യോട് പറഞ്ഞു: അലിയേ റസൂലുല്ല എന്ന വിശേഷണം കരാർ എഴുതുന്ന ഭാഗത്തുനിന്ന് മായ്ച്ചുകളഞ്ഞേക്കുക. എന്നിട്ട്, അബ്ദുല്ലയുടെ മകൻ മുഹമ്മദ് എഴുതുന്ന കരാറാണ് ഇത് എന്ന് തിരുത്തി എഴുതുക. അങ്ങനെ നബി(സ) അവരുടെ ആവശ്യപ്രകാരം അത് തിരുത്തുകയും ചെയ്തു. ഈ സംഭവം നിങ്ങൾക്കും അറിയുന്നതല്ലെ? അല്ലാഹുവിനെ തന്നെ സത്യം, അലിയെക്കാൾ ഉത്തമനാണ് റസൂൽ(സ). അവിടെ ആ കടലാസിൽ നിന്ന് റസൂലുല്ല എന്ന പേര് മായ്ച്ചതുകൊണ്ട് നബി(സ)യെ പടച്ചവൻ നുബുവ്വത്തിൽ നിന്ന് പിരിച്ച് വിട്ടിട്ടില്ല. എന്നിട്ടാണോ മുസ്ലിംങ്ങൾ തമ്മിൽ ഒരു പ്രശ്നം ഉണ്ടായപ്പോൾ, ആ കരാർ വിജയിക്കാൻ വേണ്ടി അലി(റ) അമീറുൽ മുഅ്മിനീൻ എന്നത് മായ്ച്ചുകളഞ്ഞത് തെറ്റാകുന്നത്. അതും മറുവിഭാഗം അങ്ങനെ എഴുതുന്നത് സമ്മതമല്ല എന്ന് പറഞ്ഞപ്പോൾ മാത്രം. അതുനിമിത്തം അദ്ദേഹം അമീറുൽ കാഫിരീനായിപ്പോയെന്നോ? എന്തു പറ്റി നിങ്ങൾക്ക്? ഇത് കൂടി കേട്ടപ്പോൾ ഖവാരിജുകളിലെ നല്ലൊരു വിഭാഗം ആളുകൾക്ക് ഇളക്കം ഉണ്ടായി. അവർ പറഞ്ഞു: നിങ്ങൾ സത്യം പറഞ്ഞിരിക്കുന്നു.

അങ്ങനെ രണ്ടായിരത്തോളം ആളുകൾ ഖവാരിജുകളുമായി വിടപറഞ്ഞു അലി(റ)യുടെ കൂടെ ചേർന്നു. ബാക്കിയുള്ളവർ ഉറച്ചു തന്നെ നിന്നു. മുഹാജിറുകളും അൻസ്വാറുകളും അവരെ പിന്നീട് നടന്ന ഒരു യുദ്ധത്തിൽ കൊന്നു കളഞ്ഞു. അന്ന് നാമാവശേഷമായി പോയ ഖവാരിജുകൾ പിന്നീട് ആ പേരിൽ അറിയപ്പെട്ടിട്ടില്ല. പക്ഷെ, ആ പാർട്ടി ഏതൊരു കാരണം പറഞ്ഞു കൊണ്ട് പുറത്തേക്ക് വന്നോ, അതേ ആദർശത്തിൻെറ ചില പൊടികളും അതിൻെറ ചുവകളും ലാഞ്ചനകളുമായി പല ആളുകളും ഇന്നും രംഗത്തുണ്ട്. വിധിക്കുവാനുള്ള അവകാശം അല്ലാഹുവിന് മാത്രമാണ് എന്ന ഖുർആനിക വചനത്തെ ഖവാരിജുകൾ എപ്രകാരം ദുരുപയോഗം ചെയ്തുവോ, അതുപോലെ മുസ്ലിംകളിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച് ഇതേ പാതയിൽ വ്യത്യസ്തമായ പേരിൽ ചില കക്ഷികൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഏതൊക്കെ വിഷയങ്ങളിൽ മനുഷ്യൻമാർക്ക് വിധിക്കാൻ അധികാരം ഉണ്ട് എന്ന് വിവേചിച്ചറിയാതെ അനവസരത്തിൽ ഹാകിമിയത്തുല്ലാ എന്ന് പറയുന്ന ഒരു ഖവാരിജിയൻ സിദ്ധാന്തവുമായിട്ടായിരുന്നു ഇവരുടെ രംഗപ്രവേശം.

ഇസ്‌ലാമികേതര ഭരണകൂടം രാജ്യത്തുണ്ടെങ്കിൽ അത് തച്ചുതകർക്കുകയും അവർക്കെതിരിൽ 'ജിഹാദ്' നയിക്കുകയും വേണം. അല്ലാഹുവിന് മാത്രമേ ഭരിക്കുവാനും വിധിക്കുവാനും അവകാശമുള്ളൂ, ആയതിനാൽ നിലവിലുള്ള സകല ഭരണകൂടങ്ങളെയും 'ജിഹാദ്' പ്രഖ്യാപിച്ചുകൊണ്ട് തട്ടിത്തകർക്കലാണ് ഒരു മുസ്‌ലിം ചെയ്യേണ്ട പ്രഥമ ഉത്തരവാദിത്വം. ഇപ്രകാരം വാദിച്ചു കൊണ്ട് ഇഖ്‌വാനികൾ എന്ന് പറയുന്ന ഒരു വിഭാഗം ഈജിപ്തിന്റെ ഭാഗങ്ങളിലും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി എന്ന പേരിൽ മൗദൂദി സാഹിബിന്റെ നേതൃത്വത്തിൽ ഇന്ത്യയിലും പ്രവർത്തനം ആരംഭിച്ചു. ഇസ്‌ലാംമതത്തിന്റെ സാങ്കേതിക പദങ്ങളായ റബ്ബ്, ഇലാഹ്, ഇബാദത്ത്, ദീൻ തുടങ്ങിയവക്ക് രാഷ്ട്രീയ വ്യാഖ്യാനങ്ങൾ നല്കി, സർവ്വ മുസ്‌ലിംങ്ങളും പിഴച്ചു പോയിരിക്കുന്നു എന്നും ഞങ്ങളാണ് യഥാർത്ഥത്തിൽ ഇസ്‌ലാമികമായി സമ്പൂർണ്ണ വിഭാഗം എന്നും അവകാശപ്പെട്ട്കൊണ്ട് കടന്നുവന്ന ഇഖ്‌വാനികളുടെയും ജമാഅത്തെ ഇസ്‌ലാമിക്കാരുടെയുമൊക്കെ ആശയം ഏതാണ്ട് ഈ ഹാകിമിയത്തുള്ളാ എന്ന് പറയുന്ന സിദ്ധാന്തത്തിൽ ഉടക്കി നില്ക്കുകയാണ്. ഇവരുടെ പാരമ്പര്യം ചെന്നെത്തുന്നത് ഖവാരിജുകളിലേക്കാണ്. അതുകൊണ്ട് തന്നെ വിശ്വാസികൾ ഇവരെകുറിച്ച് ജാഗ്രതയുള്ളവരാകേണ്ടതുണ്ട്. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

**തുടരും...**